നിർമ്മാണം, ഉരുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, കാലിത്തീറ്റ ധനസഹായം, ഉരുക്കളെ പരിപാലിക്കുന്നതിന് ഭൗതിക ചുറ്റുപാടുകൾ ഒരുക്കുക, ആധുനികവൽക്കരണത്തിനുള്ള ധനസഹായം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**സമീകൃത കാലിത്തീറ്റയുടെ ഉല്പാദനവും വിതരണവും**

368 (1353) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ ഡി. കെ. മുരളി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ന്യായവിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റകൾ സ്ഥിരമായി വിതരണം നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് കേരള ഫീഡ്സ് ലിമിറ്റഡ് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ന്യായമായ വിലയ്ക്ക് ഗുണമേന്മയുള്ള കാലിത്തീറ്റ സ്ഥിരമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള ഫീഡ്സ് ലിമിറ്റഡ് പ്രവർത്തിക്കുന്നത്. ഉല്പന്നത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഉന്നത ഗുണനിലവാരമുള്ള അസംസ്കൃത പദാർത്ഥങ്ങളാണ് സംഭരിക്കുന്നത്. കൂടാതെ ഉല്പാദനത്തിനുമുമ്പ് അസംസ്കൃത പദാർത്ഥങ്ങളുടെ ഗുണമേന്മ പരിശോധന നടത്തുകയും ഉല്പാദന പ്രക്രിയയിലും ഉല്പാദനത്തിനുശേഷവും ഗുണനിലവാരം ഉറപ്പുവരുത്തിയുമാണ് കേരള ഫീഡ്സ് ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നത്. അസംസ്കൃത പദാർത്ഥങ്ങളുടെ വില വർദ്ധനവിന് ആനുപാതികമായി, വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നത്. 2020-21 സാമ്പത്തികവർഷത്തിൽ സർക്കാരിൽനിന്നും നൽകിയ 5 കോടി രൂപയുടെ ധനസഹായം ഉപയോഗിച്ച്, 58,072 MT കാലിത്തീറ്റ സബ്സിഡി നിരക്കിൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) സമീകൃത കാലിത്തീറ്റയുടെയും ധാതുലവണ മിശ്രിതത്തിന്റെയും ഉത്പാദന-വിതരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ ഉത്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ?

തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലെ കേരള ഫീഡ്സിന്റെ സ്ഥാപിത പ്രതിദിന ഉല്പാദന ശേഷിയായ 500 MT-യിൽനിന്ന് 650 MT ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഉത്പാദനം, വിപണനം, വിറ്റുവരവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ കേരള ഫീഡ്സ് ലിമിറ്റഡിന്റെ കാലിത്തീറ്റ ഉത്പാദനം 214724.599 ടണ്ണും, വിപണനം 212864.338 ടണ്ണും, വിറ്റുവരവ് 49,801.85 ലക്ഷം രൂപയുമാണ്.

**കാലിത്തീറ്റക്ഷാമം പരിഹരിക്കുന്നതിനും**
**വിലനിയന്ത്രിക്കുന്നതിനും നടപടി**

369 (1354) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് ക്ഷീരകർഷകർക്കും തൊഴിലാളികൾക്കും ഗുണകരമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് പ്രതിസന്ധിയെ അതിജീവിക്കുന്നതിന് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തുടനീളം സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുവരുന്നു. ഈ വർഷം 2.81 ലക്ഷം ചാക്ക് കാലിത്തീറ്റയാണ് ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 2.04 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും. 11.23 കോടി രൂപ ഇതിലേയ്ക്കായി വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ ക്ഷീരകർഷക ക്ഷേമനിധി, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ മുഖേന കോവിഡ് ബാധിതരായ ക്ഷീരകർഷകർക്ക് അതിജീവനത്തിനായി വിവിധതരം ധനസഹായവും വിതരണം ചെയ്യുവരുന്നുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയൻ കോവിഡ് രോഗബാധമൂലം മരണപ്പെടുന്ന സജീവ അംഗങ്ങളുടെ അനന്തരാവകാശിക്ക് 25,000 രൂപയും ക്ഷീരസംഘം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് 20,000 രൂപയും ധനസഹായമായി നൽകുന്നു. ജീവനക്കാർക്കുള്ള കോവിഡ് ഇൻസെന്റീവ് ഇനത്തിൽ 20.6 ലക്ഷം രൂപ നടപ്പുവർഷം നൽകിയിട്ടുണ്ട്. മലബാർ മേഖലാ യൂണിയൻ കോവിഡ് രോഗം ബാധിച്ച് മരണമടഞ്ഞ ക്ഷീര കർഷകരുടെ ആശ്രിതർക്ക് ഒറ്റത്തവണ ധനസഹായമായി 10,000 രൂപ വീതം സാമ്പത്തിക സഹായം നൽകിവരുന്നു. കോവിഡ് പോസിറ്റീവായ ക്ഷീര കർഷകർക്ക് ആരോഗ്യ സംരക്ഷണത്തിന്